പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4940 14.11.2019 ൽ മറുപടിക്ക്

**ഹാരിസൺസ് കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചുപിടിക്കുന്നതിന് നടപടി**

**ചോദ്യം**
ഡോ.എം. കെ. മുനീർ
ശ്രീ.പി.കെ.ബഷീർ
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്
ശ്രീ.അബ്ദുൽ ഹമീദ് പി.

**മറുപടി**
ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഹാരിസൺസ് കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചുപിടിക്കുന്നതിനായി സിവിൽ കോടതിയെ സമീപിക്കുവാൻ ഹൈക്കോടതിയും സുപ്രീംകോടതിയും ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (എ) യും (ബി) യും<br>ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയും അവരുടെ മുൻഗാമികളും അവരിൽ നിന്നും ഭൂമി നേടിയവരും സമാനമായ മറ്റുള്ളവരും കൈവശം വച്ചിരിക്കുന്നതും നിയമം മൂലം കൈമാറ്റം ചെയ്യപ്പെട്ടിട്ടില്ലാത്തതുമായ ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി അത്തരം ഭൂമി സ്ഥിതി ചെയ്യുന്ന അധികാര പരിധിയിൽ വരുന്ന സിവിൽ കോടതിയിൽ സർക്കാരിനു വേണ്ടി കേസ് ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 6-6-19 ലെ സ.ഉ.(കൈ) 172/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൻ പ്രകാരം കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.<br>ഹാരിസൺ മലയാളം ലിമിറ്റഡും അവരുടെ മുൻഗാമികളായ മലയാളം പ്ലാന്റേഷനും കൈവശം വച്ചിരിക്കുന്നതും വിൽപ്പന നടത്തിയിട്ടുള്ളതുമായ 76000 ത്തിലധികം ഏക്കർ ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച തർക്കം സിവിൽ കോടതിയിൽ സർക്കാർ കേസ് നടത്തി സ്ഥാപിച്ചെടുക്കേണ്ട പശ്ചാത്തലത്തിൽ അത്തരം കേസുകളുടെ ഫലപ്രദമായ നടത്തിപ്പിനും മേൽ നോട്ടത്തിനുമായി റവന്യൂ വകുപ്പിൽ പ്രത്യേക സെൽ രൂപീകരിക്കുന്ന കാര്യം എ 1/116/18/റവ നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നു. |
| (ബി) | സിവിൽ കോടതിയിൽ കേസ്സ് നടത്തുന്നതിന് റവന്യൂ വകുപ്പിൽ പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ? | |

സെക്ഷൻ ഓഫീസർ